# കേരളസർവകലാശാല

നം.പി.ആർ.219/2021

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021
### ഒന്നാം ഘട്ട സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് അഡ്മിഷൻ എടുക്കാനും ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യാനുമുള്ള അവസാന തീയതി 28.10.2021

കേരളസർവകലാശാലയുടെ 2021–22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് കോളേജിൽ അഡ്മിഷൻ എടുക്കാനുള്ള അവസാന തീയതി 28.10.2021 ആണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ഒക്ടോബർ 28 വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നില നിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ എം.എസ്സി. മാത്തമാറ്റിക്സ് (ഫൈനൽ 2002 – 2005 അഡ്മിഷൻ) മേഴ്സിചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല ഒക്ടോബർ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എസ്സി. സി.എസ്./ബി.സി.എ. (എസ്.ഡി.ഇ.) പ്രാക്ടിക്കൽ പരീക്ഷ (പ്രോഗ്രാമിംഗ് ലാബ് II – CS1243/CP 1244) നവംബർ 1 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയക്രമത്തിനോ മാറ്റമില്ല.

കേരളസർവകലാശാല 2021 ഒക്ടോബർ 18 മുതൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. പ്രാക്ടിക്കൽ (എഫ്.ഡി.പി.) – (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2015, 2016 & 2017 അഡ്മിഷൻ, മേഴ്സി ചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകളുടെ പുനഃക്രമീകരിച്ച പരീക്ഷാത്തീയതികൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (328) പ്രോഗ്രാമിന്റെ 2021 ഒക്ടോബർ 20, 22 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 2 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ്, ബി.എസ്‌സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് എന്നീ കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 2 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 1 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റാം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ. മലയാളം, സോഷ്യോളജി (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ സർവകലാശാല ഓഫീസിലെ (ഇ.ജി.X – പത്ത്) സെക്ഷനിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## എസ്.സി.സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.എ. ഫിലോസഫി, എം.എസ്‌സി. മാത്തമാറ്റിക്സ്, മാത്തമാറ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഫിനാൻസ് ആന്റ് കമ്പ്യൂട്ടേഷൻ, എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 29 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
27.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**